നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് പകരം കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പദ്ധതികളാണ് അഭികാമ്യമെന്ന് ഗ്രീൻ ട്രൈബ്യൂണൽ നിലപാടെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സച്ചാർ കമ്മീഷൻ റിപ്പോർട്ട് - മദ്രസകൾക്ക് കേന്ദ്ര ഗ്രാന്റ്

13 (*133) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതി പ്രകാരം സംസ്ഥാനത്തെ മദ്രസകൾക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഗ്രാന്റ് തടയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓഡിറ്റർ ജനറലിന്റെ ഒബ്ജക്ഷൻ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

(സി) മറ്റു സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഇത്തരം ഗ്രാന്റ് നല്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ മദ്രസകൾക്കും ഗ്രാന്റ് ലഭ്യമാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്തെ മദ്രസകൾക്ക് 2010-11, 2013-14, വർഷങ്ങളിലെ ഗ്രാന്റ് നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 828 മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുവാനുള്ള അപേക്ഷ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഗ്രാന്റ് തടയപ്പെട്ടതിനെ സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ഗ്രാന്റ് ലഭ്യമായ മദ്രസകളിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ പരിശോധനയിൽ മദ്രസകളിൽ ക്ലാസ്സുകൾ പാർട്ട് ടൈം അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും ഇത് സ്കീമിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. വിശദമായ പരിശോധനയിൽ മദ്രസകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും മുഖ്യധാരാ വിദ്യാഭ്യാസം നേടുന്നതിനാൽ സ്കീമിന്റെ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട് എന്നും കണ്ടെത്തിയതായി സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട് എന്ന് www.inhrd.gov.in എന്ന വെബ്സൈറ്റിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ മദ്രസകൾക്കും അർഹതയുണ്ടെങ്കിൽ ഗ്രാന്റ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പാർട്ണർ കേരള മിഷൻ പദ്ധതി

14 (*134) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്നർ കേരള മിഷൻ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളെല്ലാം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പാക്കുന്നത് ;

(സി) പദ്ധതി ഭൂമി സ്വകാര്യ പങ്കാളി കൈവശം വയ്ക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെല്ലാം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കുവെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഭാഗമായി പൊതുജനോപകാരപ്രദമായ പദ്ധതികളായ ബസ് സ്റ്റാന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ആധുനിക

LIBRARY ARCHIVES Kerala Legislative Assembly